"ഭരണഭാഷ-
മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

റവന്യൂ വകുപ്പ്- ശ്രീ. സോമൻ ബഹു. ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C) No.13883/2009 ലെ 24.05.2017-ലെ വിധിന്യായം നടപ്പിലാക്കി ബോട്ട്-ഇൻ-ലാൻഡാക്കിയ ഭൂമി തിരികെ നൽകി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

റവന്യൂ (എച്ച്) വകുപ്പ്

സ.ഉ.(കൈ) നം.103/2024/RD    തീയതി,തിരുവനന്തപുരം, 18-06-2024

പരാമർശം:- 1. ശ്രീ. സോമൻ ബഹു. ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C) No.13883/2009 ലെ 24.05.2017-ലെ വിധിന്യായം

2. കോഴിക്കോട് ജില്ലാ കളക്ടറുടെ 03/11/2009, 09/02/2021, 16/11/2023 എന്നീ തീയതികളിലെ DCKKD-4155/2018/C6 നമ്പർ കത്തുകൾ

**ഉത്തരവ്**

ശ്രീ. കെ. കെ. സോമൻ, S/o കുട്ടപ്പൻ, കുന്നംവേലിൽ വീട്, മലാപ്പറമ്പ് എന്ന കക്ഷിയിൽ നിന്നും അബ്കാരി, വിൽപ്പന നികുതി കുടിശ്ശിക ഈടാക്കുന്നതിനായി കോഴിക്കോട് താലൂക്കിലെ വേങ്ങരി വില്ലേജിൽ നെടുങ്ങോട്ടൂർ ദേശത്ത് ടിയാന്റെ പേരിലുള്ള റീസർവ്വെ 33/1 ൽ പെട്ട 16 സെൻറ് ഭൂമി ജപ്തി ചെയ്ത് റവന്യൂ ഡിവിഷണൽ ഓഫീസറുടെ 25/10/2000 തിയതിയിലെ 5386/2000 നമ്പർ സ്ഥിരീകരണ ഉത്തരവ് പ്രകാരം ബോട്ട് ഇൻ ലാൻഡാക്കി മാറ്റിയിരുന്നു. ടി ഉത്തരവിനെതിരെ കക്ഷി ബഹു ഹൈക്കോടതിയിൽ WPC 13883/2009 നമ്പർ കേസ് ഫയൽ ചെയ്തിരുന്നു. കുടിശ്ശികക്കാരന്റെ പക്കൽ നിന്നും ഇനിയും വല്ല കടിശ്ശിക തുകയും ഇടാക്കാനുണ്ടെങ്കിൽ ആയത് തഹസീൽദാർ കക്ഷിയെ അറിയിക്കണമെന്നും അപ്രകാരം അറിയിക്കുന്നത് കക്ഷിയുടെ താല്പര്യത്തോടെ ഈടാക്കി, ടി ഭൂമി തിരികെ ലഭിക്കാൻ കക്ഷി സമർപ്പിച്ച എക്സ്ബിറ്റ് P7 അപക്ഷ പരിഗണിക്കണമെന്ന് പരാമർശം(1) പ്രകാരം ബഹു ഹൈക്കോടതി 24.05.2017 ൽ ഉത്തരവായിരുന്നു .

(2). ശ്രീ. കെ. കെ. സോമന്റെ പേരിലുള്ള എല്ലാ കുടിശ്ശികകളും അടച്ചു തീർത്തിട്ടുള്ളതാണെന്നും ബോട്ട്-ഇൻ-ലാൻഡ് ലഭിക്കണമെന്ന് ആവശ്യപ്പെട്ട് കക്ഷി അപേക്ഷ സമർപ്പിച്ചിരുന്നുവെന്നും കുടിശ്ശികക്കാരന്റെ പേരിൽ കുടിശ്ശികയൊന്നും അടവാക്കാൻ ബാക്കിയില്ലായെന്നും ടിയാൻ മുഴുവൻ കടിശ്ശികയും അടച്ച് തീർത്തതാണെന്നും റക്വിസിഷൻ അതോറിറ്റി റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും ടി വിവരം കക്ഷിയെ അറിയിച്ചിട്ടുണ്ടെന്നും കോഴിക്കോട് (ആർ.ആർ) തഹസിൽദാർ റിപ്പോർട്ട് ചെയ്തതായി പരാമർശം (2) പ്രകാരം ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ബോട്ട് ഇൻ ലാൻഡാക്കിയ ഭൂമിയിൽ നിന്നും ടിയാനെയും കുടുംബത്തേയും ഒഴിപ്പിക്കുന്നത് ക്രമസമാധാന പ്രശ്നത്തിന് കാരണമാകുമെന്നും ടി ഭൂമി ലാന്റ് ബാങ്കിൽ ഉൾപ്പെടുത്തിയിട്ടില്ല എന്നും പരാമർശം (2)പ്രകാരം ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ലേല സ്ഥിരീകരണം കഴിഞ്ഞ് 5 വർഷത്തിനുശേഷം ബോട്ട് ഇൻ ലാൻഡ് തിരികെ നൽകുന്നതിന് നിലവിലെ സർക്കാർ ഉത്തരവുകളിലും കേരള റവന്യൂ റിക്കവറി നിയമത്തിലും വ്യവസ്ഥയില്ലെങ്കിലും, കുടിശ്ശികക്കാരന്റെ പേരിൽ കുടിശ്ശികയൊന്നും നിലവിലില്ലായെന്ന് ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ളതിനാൽ പരാമർശ(1) ലെ ബഹു. ഹൈക്കോടതിയുടെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ ടിയാനിൽ നിന്നും ബോട്ട് ഇൻ ലാൻഡാക്കിയ കോഴിക്കോട് താലൂക്കിലെ വേങ്ങരി വില്ലേജിൽ നെടുങ്ങോട്ടൂർ ദേശത്ത് ടിയാന്റെ പേരിലുള്ള റീസർവ്വേ 33/1 ൽ പെട്ട 16 സെൻറ് ഭൂമി കമ്പോള വില ഈടാക്കാതെ, അപേക്ഷ സമർപ്പിക്കാനുണ്ടായ കാലതാമസം മാപ്പാക്കി, ശ്രീ. കെ. കെ. സോമൻ, S/o കുട്ടപ്പൻ, കുരുന്നംവേലിൽ വീട്, മലാപ്പറമ്പ്- എന്ന കക്ഷിക്ക് ടിയാളുടെ സ്വന്തം ചെലവിൽ തിരികെ നൽകി സർക്കാർ ഉത്തരവാകുന്നു.

(4) കോഴിക്കോട് ജില്ലാകളക്ടർ രേഖകളുടെ ആധികാരികത ഉറപ്പു വരുത്തി മേൽ പരാമർശിച്ച ഭൂമി തിരികെ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

(5) ഇപ്രകാരം ബഹു. കേരള ഹൈക്കോടതിയുടെ പരാമർശം(1) വിധിന്യായം നടപ്പിലാക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലത എസ്
ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. കെ. കെ. സോമൻ, S/o കുട്ടപ്പൻ, കുരുന്നംവേലിൽ വീട്, മലാപ്പറമ്പ് പി.ഒ., വേങ്ങേരി വില്ലേജ്, കോഴിക്കോട്
ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)
ധനകാര്യ വകുപ്പ് (E-1581253/EXP-B3/265/2020-FIN dt. 16/03/2024)
നിയമ വകുപ്പ് (26629/Advice-G2/2019/Law dt. 01/02/2020)
ജില്ലാ കളക്ടർ, കോഴിക്കോട്
തഹസിൽദാർ (റവന്യൂ റിക്കവറി), കോഴിക്കോട്
ഡയറക്ടർ, വെബ് & ന്യൂ മീഡിയ ഡിവിഷൻ, വിവര പൊതുജന സമ്പർക്ക വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Misha C P
സെക്ഷൻ ഓഫീസർ
Date: 19-06-2024 12:45:32